**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 736** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** വന്യജീവി ആക്രമണം മൂലം പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്നുള്ള സ്ഥലങ്ങളിലെ പൊതുജനങ്ങളുടെ വീടും കൃഷിയിടങ്ങളും നശിച്ചുപോകുന്നത് പതിവായതിനാൽ ഇപ്രകാരം വീടും കൃഷിയും നശിച്ചുപോകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ; വന്യജീവി ആക്രമണം മൂലം ഭവനം നഷ്ടപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുമോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** മനുഷ്യ-വന്യജീവി സംഘർഷം മൂലം പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിലെ പൊതുജനങ്ങളുടെ വീടുകൾക്കും കൃഷിയിടങ്ങൾക്കും സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് നിലവിൽ കേരള റൂൾസ് ഫോർ കോംപൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ്, 1980 പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് വനം വകുപ്പ് നഷ്ടപരിഹാരം അനുവദിച്ച് വരുന്നു.

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ മൂലം ഭവനങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾക്ക് സ.ഉ. (കൈ) നം. 1/2025/DMD തീയതി 09/01/2025, സ.ഉ. (സാധാ) നം. 304/2025/DMD തീയതി 09/05/2025 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമുള്ള നഷ്ടപരിഹാരം അനുവദിക്കുന്നതാണ്. വന്യജീവി സംഘർഷം മൂലം ഭവനം നഷ്ടപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് പണം അനുവദിക്കുവാൻ മേൽ ഉത്തരവുകളിൽ നിലവിൽ വ്യവസ്ഥയില്ലാത്തതാകുന്നു.

**സെക്ഷൻ ഓഫീസർ**